# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി
## വരാപ്പുഴ സെൻട്രൽ കൗൺസിൽ
# വാർഷിക റിപ്പോർട്ട് - 2007-2008

പ്രിയ സഹോദരീസഹോദരന്മാരേ,

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും സുഹൃത്തുക്കളുടെയും കൂട്ടായ്മയായി പാരീസിൽ രൂപം കൊണ്ടത് 1833 ഏപ്രിൽ 23-ാം തീയതിയാണ്. സുവിശേഷങ്ങളിലെ കടുകു ചെടിപോലെ ക്രമേണ വളർന്നു പടർന്നു പന്തലിച്ച് ശാഖകൾ വീശി ആയിരം പക്ഷികൾക്കു ചേക്കേറാൻ ഒരു താവളമായി ഇന്നതു മാറിയിരിക്കുന്നു. നിരാ ശ്രയർക്ക് ആലംബമാകാൻ ഇന്ത്യയിൽ സൊസൈറ്റി പ്രവർത്തനമാരംഭിക്കു ന്നത് 1852-53 കാലത്താണ്. വരാപ്പുഴ സെൻട്രൽ കൗൺസിലിന് സംസ്ഥാ പനം (ഇൻസ്റ്റിറ്റ്യൂഷൻ) ലഭിച്ചതാകട്ടെ, 1954-ലും. ഇപ്പോഴത് 13 ഏരിയ കൗൺസിലുകളിൽ 143 കോൺഫറൻസുകളും 1178 അംഗങ്ങളുമായി സേവനശുശ്രൂഷകൾ തുടരുകയാണ്.

ഇന്ത്യയിലെ സൊസൈറ്റി അഞ്ചു റീജിയണുകളായി തിരിച്ചിരിക്കുന്നു. നാം കേരളറീജിയണൽ കോ-ഓർഡിനേഷൻകമ്മിറ്റിയുടെ കീഴിലാണ്. ഇപ്പോൾ കേരളത്തിൽ 28 സെൻട്രൽ കൗൺസിലുകളുണ്ട്. കേരള റീജിയണൽ കോ-ഓഡിനേഷൻകമ്മിറ്റിയുടെ ആസ്ഥാനം വരാപ്പുഴ സെൻട്രൽ കൗൺസിൽ ഓഫീസിലാണു പ്രവർത്തിക്കുന്നത്.

സൊസൈറ്റിയുടെ നിയമമനുസരിച്ച് എല്ലാ കോൺഫറൻസുകളും നിശ്ചി തസ്ഥലത്തും സമയത്തും പ്രതിവാരയോഗം ചേരുന്നു. അവിടെവച്ചാണ് സഹായം നല്കേണ്ടവരെക്കുറിച്ചുള്ള ചർച്ചകളും തീരുമാനമെടുക്കലും നട ക്കുന്നത്. സാധുക്കളുടെയും ദത്തുകുടുംബങ്ങളുടെയും വീടുകൾ സന്ദർശിച്ച് അവരുടെ ആവശ്യങ്ങളറിഞ്ഞു സഹായിക്കുകയാണ് വിൻസെൻഷ്യൻ ശൈലി. രഹസ്യപ്പിരിവായി അംഗങ്ങൾ എടുക്കുന്ന പണവും ഉദാരമതികളിൽനിന്നു സ്വരൂപിക്കുന്ന പണവും ഭക്ഷ്യവസ്തുക്കൾ, വസ്ത്രം, ഔഷധങ്ങൾ എന്നിവയും കഴിവതും സ്വകാര്യമായാണ് ഇവിടെ വിതരണം ചെയ്യപ്പെടുന്നത്. ജാതിമതവ്യത്യാസം നാം ഗൗനിക്കാറേയില്ല.

ഒരു പ്രദേശത്തെ കോൺഫറൻസുകൾ ചേർന്നാണ് ഏരിയ കൗൺസിൽ (എ.സി.) എന്ന ഉപരി കൗൺസിൽ രൂപം കൊള്ളുന്നത്. അവർ മാസത്തിലൊ രിക്കൽ യോഗം ചേരുന്നു. കോൺഫറൻസുകളിൽ മാറിമാറി നടത്തുന്ന എ. സി.യോഗങ്ങളിലാണ് കോൺഫറൻസുകളുടെ പ്രതിമാസ റിപ്പോർട്ടുകൾ സ്വീക രിക്കുന്നതും സെൻട്രൽ കൗൺസിലിലെ നിർദ്ദേശങ്ങൾ നല്കുന്നതും എ.സി.

പ്രസിഡണ്ടുമാരാണ്. എ.സി.–സി.സി. ബന്ധം ദാർഢ്യത്തോടെ കാത്തു സൂക്ഷിക്കുന്ന സ്നേഹച്ചങ്ങലയുടെ പൊട്ടാത്ത കണ്ണികൾ.

സെൻട്രൽകൗൺസിലിൽ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടും നാമനിർദ്ദേശം ചെയ്യപ്പെട്ട ബോർഡ് അംഗങ്ങളും എല്ലാ എ.സി. പ്രസിഡണ്ടുമാരുമുണ്ടാവും. എല്ലാ മാസവും സെൻട്രൽ കൗൺസിൽ ഓഫീസിൽ സി.സി. യോഗം ചേരുന്നു. കോൺഫറൻസ് – എ.സി. – സി.സി. എന്ന ത്രിതല (ത്രീടയർ) സംവിധാനമാണ് അതിരൂപതയിലെ സൊസൈറ്റിശുശ്രൂഷകളെല്ലാം ഏകോപിപ്പിക്കുന്നത്.

കഴിഞ്ഞ ഒരു വർഷത്തെ (2007–2008) പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ അഭിമാനിക്കാൻ എന്തെങ്കിലും വകയുണ്ടെങ്കിൽ അതിരൂപതയിലാകമാനമുള്ള വിൻസെൻഷ്യൻപ്രവർത്തകർക്കാണ് അതിന്റെ മുഴുവൻ ബഹുമതിയും. നമുക്കിനിയും കൂടുതൽ തീക്ഷ്ണതയോടെ ജീവകാരുണ്യയത്നങ്ങളിൽ മുഴുകാം.

**വാർഷികം 2006–2007**

കഴിഞ്ഞ വാർഷികസമ്മേളനം 24.6.2007 ഞായറാഴ്ച കച്ചേരിപ്പടി ആശീർഭവനിൽ ചേർന്നു. ആദ്യ സെഷനിൽ രണ്ട് ആധ്യാത്മികപ്രഭാഷണങ്ങൾ നടത്തിയും ഭക്തിസാന്ദ്രമായ ദിവ്യപൂജയർപ്പിച്ചും നമ്മെ ധന്യരാക്കിയത് ലൂർദ്ദ് ആശുപത്രി ഡയറക്റ്റർ ബഹു. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിലാണ്. അദ്ദേഹത്തിന് ഹൃദയപൂർവം നന്ദി. ഉച്ചയ്ക്കു നടന്ന വാർഷിക പൊതുയോഗത്തിൽ ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട് അവതാരണമായിരുന്നു മുഖ്യയിനം. നമ്മുടെ 13 എസി. പ്രസിഡണ്ടുമാരും പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ആധ്യാത്മികോപദേഷ്ടാവ് വെരി റവ. ഫാ. ക്ലീറ്റസ് പറമ്പലോത്തിന്റെ സാന്നിദ്ധ്യവും സ്നേഹോപദേശങ്ങളും നമുക്ക് ആവേശദായകമായി.

**വാർഷികധ്യാനം 2007**

2007 ഡിസംബർ 9–ാം തീയതി ഞായറാഴ്ച ആശീർഭവനിൽ നടന്ന വാർഷിക ധ്യാനത്തിന് കാർമൽഗിരി പൊന്തിഫിക്കൽ സെമിനാരി പ്രൊക്യുറേറ്റർ ഫാ. ജോസി നെടുനിലത്ത് നേതൃത്വം നല്കി. അതിനുശേഷം, ലൂർദ്ദ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ഫ്രാൻസിസ് സേവ്യർ മുഖ്യകാർമ്മികത്വം വഹിച്ച ലത്തീൻ ഭാഷയിലെ പാട്ടുകുർബാനയിൽ അതിരൂപതാ ജുഡീഷ്യൽ വികാർ ഡോ. നെൽസൺ ലിവേര, ഫാ. ജോസി നെടുനിലത്ത് എന്നിവർ സഹകാർമ്മികരായി. അത് അങ്ങേയറ്റം ചൈതന്യവത്തായ ഒരു അനുഭവമായിരുന്നു. ധന്യമായ ഒരു പൈതൃകത്തിന്റെ സ്മരണകൾ പുനരുജ്ജീവിപ്പിച്ച അന്തരീക്ഷമായിരുന്നു അത്. 455 പേർ ധ്യാനത്തിൽ പങ്കെടുത്തു. രഹസ്യപ്പിരിവിനത്തിൽ 12,375 രൂപ ലഭിച്ചു.



**നോമ്പുകാല ധ്യാനം**

2008 മാർച്ച് 14 മുതൽ 16 വരെ ആലുവ സേക്രഡ് ഹാർട്ട് ആശ്രമത്തോടു ചേർന്നുള്ള ആത്മദർശനിൽവച്ച് മുൻ കൊല്ലങ്ങളിലേതുപോലെ സി.സി. അംഗങ്ങൾക്കും എ.സി. ഭാരവാഹികൾക്കുമായി നടത്തപ്പെട്ട നോമ്പുകാലധ്യാനത്തിന് തിരുവല്ല കർമ്മലീത്താശ്രമം സുപ്പീരിയറും പ്രസിദ്ധ ധ്യാനപ്രഭാഷകനുമായ ഫാ. ഉർബൻ ഒ.സി.ഡി. നേതൃത്വം നല്കി. ഓശാനഞായറാഴ്ചയായിരുന്നു സമാപനം.

**യുവജന സംഗമം**

2008 ഏപ്രിൽ 27 ഞായറാഴ്ച ആശീർഭവനിൽ നടന്ന സി.സി. യുവജന സംഗമം ശ്രദ്ധേയമായി. 100–ൽപരം യുവതീയുവാക്കൾ പങ്കെടുത്തു ഏകദിനസംഗമത്തിന് കളമശ്ശേരി മൈനർ സെമിനാരി ആധ്യാത്മിക പിതാവ് ഫാ. ഫീർമസ് കാച്ചപ്പിള്ളി ഒ.സി.സി. നേതൃത്വം നല്കി. ദിവ്യപൂജയ്ക്കുശേഷം നടന്ന രണ്ടാംസെഷനിൽ സി.സി. ഭാരവാഹികളായ ബ്രദർ നെൽസൺ കൊറയ, ബ്ര. മാത്തച്ചൻ അറയ്ക്കൽ, റോക്കി രാജൻ എന്നിവർ സംസാരിച്ചു.

**വനിതാസംഗമം**

നമ്മുടെ സി.സി. യിലെ വനിതാപ്രവർത്തകരെ ഉദ്ദേശിച്ച് 2008 മെയ് 25–ാം തീയതി ആശീർഭവനിൽ സംഘടിപ്പിച്ച വനിതാസംഗമം വലിയൊരു വിജയമായി. അതിനു പിന്നിൽ, മാസങ്ങൾ നീണ്ട പ്രവർത്തനം നടത്തിയത് സി.സി. വനിതാകമ്മിറ്റിയംഗങ്ങളാണ്. സീനിയർ വൈസ് പ്രസിഡണ്ട് സി. സെലിൻ കളത്തിവീട്ടിൽ, സി.സി. വനിതാകമ്മിറ്റി ചെയർപേഴ്സൺ എം. എ. മേരി എന്നിവരെയും സംഘത്തെയും പ്രത്യേകം അനുമോദിക്കുന്നു. 170 വനിതകളാണ് അതിൽ സംബന്ധിച്ചത്. പാലാരിവട്ടം പി.ഒ.സി. ഡയറക്ടർ റവ.ഡോ. സ്റ്റീഫൻ ആലത്തറ ആദ്യക്ലാസ്സ് ദിവ്യബലിയോടെ നടത്തുകയുണ്ടായി. അതിരൂപതാ ഫാമിലി റിസോഴ്സ് ടീം അംഗം ഡോ. മേരി മെറ്റിൽഡ മാത്യുവിന്റെ ക്ലാസ്സും ഉപകാരപ്രദമായിരുന്നു. ഉച്ചയ്ക്കുശേഷം നടന്ന ബിസിനസ്സ് മീറ്റിംഗിൽ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തപ്പെട്ടു.

**സി.ഡി., ടീഷർട്ട് ഫണ്ട്, ആഫ്രിക്കാ ഫണ്ട്**

ലൂർദ്ദ് ആശുപത്രിയുമായുണ്ടാക്കിയ സാധുജനചികിത്സാ സഹായ ധാരണയനുസരിച്ച് നാം 'യാത്രയിൽ വഴികാട്ടാൻ' എന്ന സി.ഡി. യുടെ 1350 കോപ്പികൾ വിറ്റഴിച്ച് 60,750 രൂപ നല്കുകയുണ്ടായി. നാഷണൽ കൗൺസിൽ പ്രോജക്ടായ ജീവൻ ജ്യോതിയുടെ ധനശേഖരാർത്ഥം വിതരണംചെയ്ത ടീ ഷർട്ട് വിലയായി നാം 34,200 രൂപ എത്തിച്ചുകൊടുത്തു. ആഫ്രിക്കയിലെ അവശോദ്ധാരണയത്നങ്ങൾക്കായി സ്വരൂപിക്കുന്ന നാഷണൽ കൗൺസിൽ ഫണ്ടിലേക്ക് നമ്മുടെ സി.സി. യുടെ വിഹിതമായ 38,610 രൂപ നാം ശേഖരിച്ചയച്ചു. ആ സഹായത്തിന്റെ കാര്യത്തിൽ നാം ഇന്ത്യയിലെ സി.സി.കളിൽ വച്ച് മൂന്നാംസ്ഥാനത്തെത്താൻ നമുക്കുസാധിച്ചത്, എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഒന്നുകൊണ്ടാണ്. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ഇന്റേണൽ ടിന്നിംഗ്**

വിദേശരാജ്യങ്ങളുമായുള്ള നമ്മുടെ ടിന്നിംഗ്, സാമ്പത്തികസഹായത്തിന്റെ മേഖലകളിൽ അധികകാലം തുടരാനാവാത്ത ചുറ്റുപാടുകളിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത് പൂർണമായി നിലച്ചുപോയിട്ടില്ല എന്നതും ചുരുങ്ങിയ തോതിലെങ്കിലും തുടരുന്നുണ്ട് എന്നതും ആശ്വാസകരം തന്നെ. എങ്കിലും നമ്മുടെ സി.സി. യിലെ അവശതയനുഭവിക്കുന്ന കോൺഫറൻസുകളെ കഴിവുള്ള കോൺഫറൻസുകൾ ടിൻ ചെയ്ത് സാമ്പത്തികമായി സഹായിക്കണം എന്ന നാഷണൽകൗൺസിൽനിർദ്ദേശം കഴിവുപോലെ നാം പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നുകഴിഞ്ഞു. അതത് എ.സി. തലത്തിൽ ഈ സഹായമെത്തിക്കുകയെന്ന രീതിയാണ് നാം അവലംബിക്കുന്നത്. അത് സാമാന്യം ഭംഗിയായും തൃപ്തികരമായും പോകുന്നുണ്ട്. അത് തീർച്ചയായും ഒന്നുകൂടി ഊർജിതമാക്കേണ്ടതുണ്ട്. നമുക്കതിന് ആത്മാർത്ഥമായി പരിശ്രമിക്കാം. 2008 മാർച്ച് വരെ ഇന്റേണൽ ടിന്നിംഗ് ഇനത്തിൽ നാം 30,350 രൂപ വിവിധ കോൺഫറൻസുകൾക്ക് നല്കിക്കഴിഞ്ഞു.

**രഹസ്യപ്പിരിവ്**

സൊസൈറ്റി അംഗങ്ങളുടെ വ്യക്തിഗതമായ ത്യാഗവിഹിതമാണ് പ്രതിവാരയോഗങ്ങളിൽ നാം നിക്ഷേപിക്കുന്ന രഹസ്യപ്പിരിവ്. അതു നമ്മുടെ സേവനമനോഭാവത്തിന്റെ വിളംബരമത്രേ. ആരും കാണാതെ, ആരുമറിയാതെ നാം സ്വയം നല്കുന്ന സംഭാവന. രഹസ്യത്തിൽ ചെയ്യുന്നതു കാണുന്ന ദൈവപിതാവ്, രഹസ്യത്തിൽ അതിനുള്ള പ്രതിഫലം നല്കും. രഹസ്യപ്പിരിവിന്റെ തോത് നാം, കാലത്തിന്റെ പുരോഗതിയനുസരിച്ച്, മെച്ചപ്പെടുത്തണം. നമ്മുടെ ഒരു നേരത്തെ ലഘുഭക്ഷണത്തിനു വേണ്ടിവരുന്ന തുകയെങ്കിലും കണക്കാക്കി രഹസ്യപ്പിരിവു നിക്ഷേപിക്കണം. കഴിഞ്ഞ വർഷത്തേതിനെക്കാൾ മെച്ചപ്പെട്ട രഹസ്യപ്പിരിവു നിക്ഷേപിക്കാൻ പ്രത്യേകം മനസ്സു വയ്ക്കണം. കഴിഞ്ഞവർഷം നമ്മുടെ രഹസ്യപ്പിരിവ് 7,52,018 രൂപയായിരുന്നു. ഇന്ത്യയിൽ ആളോഹരി രഹസ്യപ്പിരിവിന്റെ കാര്യത്തിൽ വരാപ്പുഴ സി.സി. രാജ്യത്ത് 5–ാം സ്ഥാനം നേടി. ഈ വർഷത്തെ നമ്മുടെ കോൺഫറൻസുകളിൽ നിന്നുള്ള രഹസ്യപ്പിരിവ് 8,56,433 രൂപയാണ്. കഴിഞ്ഞ വർഷത്തേതിനെക്കാൾ 1,04,415 രൂപ കൂടുതൽ. ഹൃദയപൂർവം അഭിനന്ദിക്കുകയാണ്, ഏവരെയും.

**വിൻഫൊർമേഷൻ**

വരാപ്പുഴ സി.സി. യുടെ സ്വന്തം വാർത്താപത്രിക വിൻഫൊർമേഷൻ ത്രൈമാസിക ഇപ്പോൾ ആറു ലക്കങ്ങൾ പുറപ്പെടുവിച്ചുകഴിഞ്ഞു. നമ്മുടെ വിശേഷങ്ങൾ നാംതന്നെ അറിയാനും സി.സി. നിർദ്ദേശങ്ങൾ നമ്മിലെത്താനും നാം തുടങ്ങിയതാണ് വിൻഫൊർമേഷൻ. സൊസൈറ്റി വാർത്തകൾ യഥാസമയം എഴുതി ഓഫീസിലെത്തിക്കാൻ ശ്രമിക്കുമല്ലോ; ചിത്രങ്ങളുണ്ടെങ്കിൽ അതും. 15 രൂപയാണ് വാർഷിക വരിസംഖ്യ. മുഴുവൻ അംഗങ്ങളും വരിക്കാരും വായനക്കാരുമാകണം. ഇടവക ആധ്യാത്മികോപദേഷ്ടാവ്, ഗുണകാംക്ഷികൾ



എന്നിവർക്ക് കോപ്പികൾ ഉറപ്പാക്കാൻ നാംതന്നെ ശ്രദ്ധിക്കണം. വിൻഫൊർമേഷന്റെ ബാക്ക് കവർ പരസ്യം ഇനി എ.സി.കൾതന്നെ കണ്ടെത്താമെന്നു ധാരണയായിട്ടുണ്ട്. ചുരുങ്ങിയ ഒരു സംഭാവനയാണ് അതിനു നാം നിശ്ചയിച്ചിരിക്കുന്നത്. എല്ലാവരും വിൻഫൊർമേഷൻപ്രസിദ്ധീകരണത്തെ സ്വന്തമായിക്കരുതി സ്നേഹിക്കണം.

**പുതിയ കോൺഫറൻസുകൾ**

പ്രവർത്തനവർഷം നമുക്ക് സന്തോഷംപകരുന്ന മറ്റൊരു വാർത്ത, പുതിയ രണ്ടു കോൺഫറൻസുകളുടെ പിറവിയാണ്. വൈപ്പിൻ നോർത്ത് എ.സി.യുടെ കീഴിൽ ഹോളി സ്പിരിറ്റ് കോൺഫറൻസാണ് ആദ്യത്തേത്. എടവനക്കാട് സെന്റ് അംബ്രോസ് ഇടവക പരിധിയിൽ വരുന്ന തിരുഹൃദയപ്പള്ളി കേന്ദ്രീകരിച്ചാണിത്. ഉദയംപേരൂർ എ.സിയുടെകീഴിൽ ബ്ലസഡ് ജിയോർജിയോ ഫ്രസാറ്റി കോൺഫറൻസ് നിലവിൽ വന്നു. തൃപ്പൂണിത്തുറ സെന്റ് ജോസഫ് പള്ളി ഇടവകാതിർത്തിയിലെ പുത്തൻകുരിശ് മാനാന്തടം സെന്റ്ജോർജ് പള്ളിയോടനുബന്ധിച്ചാണ് ഇതു പ്രവർത്തിക്കുന്നത്. ഈ പുതിയ കോൺഫറൻസുകൾ നിലവിൽ വരാൻ അക്ഷീണം പ്രവർത്തിച്ച ബഹുമാനപ്പെട്ട ആധ്യാത്മികോപദേഷ്ടാക്കളെയും എ.സി. പ്രസിഡന്റുമാരെയും ഹൃദയപൂർവം അനുമോദിക്കുന്നു.

**പ്രോജക്ടുകൾ**

നമ്മുടെ കോൺഫറൻസുകളെ വിദേശ കോൺഫറൻസുകളുമായി ബന്ധിപ്പിച്ച് പരസ്പരസഹായത്തോടെ പ്രവർത്തനം മെച്ചപ്പെടുത്താനുദ്ദേശിച്ചുകൊണ്ടുള്ള ടിന്നിംഗ് പദ്ധതിയുടെ ഭാഗമായാണ് പ്രോജക്ടുകൾ ആരംഭിച്ചത്. ആസ്ട്രേലിയ, ഇംഗ്ലണ്ട് ആന്റ് വെയിൽസ്, സ്കോട്ട്‌ലാന്റ് എന്നിവിടങ്ങളിലെ നാഷണൽ കൗൺസിലുകളാണ് ഇന്ത്യയിലെ വിവിധ കോൺഫറൻസുകളുമായി തങ്ങളുടെ കോൺഫറൻസുകളെ ടിന്നിംഗ് വഴി ബന്ധിപ്പിച്ച് ധനസഹായവും പ്രാർത്ഥനാകൂട്ടായ്മയും കത്തിടപാടുകളും വഴി പാവപ്പെട്ടവർക്ക് മെച്ചപ്പെട്ട സേവനം നല്കുന്നതിന് മുൻകൈയെടുത്തിട്ടുള്ളത്. ഈ വിദേശകോൺഫറൻസുകൾ ടിന്നിംഗ് ധനസഹായം ചെയ്യുന്നതിനു പുറമേ, നാം സഹായിക്കുന്ന പാവപ്പെട്ടവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനുതകുന്ന പദ്ധതികൾക്ക് പിൻതുണ നല്കാനും തയ്യാറാകുന്നുണ്ട്. നമ്മുടെ സെൻട്രൽ കൗൺസിലിനു കീഴിലും മറ്റു സെൻട്രൽ കൗൺസിലുകളിലുമുള്ള അനേകം കോൺഫറൻസുകൾക്ക് ഇങ്ങനെ വലുതും ചെറുതുമായ അനേകം പ്രോജക്ടുകളുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പാവങ്ങൾക്കു പ്രയോജനകരമായ പദ്ധതികൾ കണ്ടെത്തി നാഷണൽ കൗൺസിൽ വഴി നാം അപേക്ഷ നല്കുമ്പോൾ, അതു പരിശോധിച്ച് ചില നിയന്ത്രണങ്ങൾക്കു വിധേയമായി, ധനസഹായം നല്കാൻ ബന്ധപ്പെട്ട ടിൻഡ് കോൺഫറൻസുകൾ തയ്യാറാകുന്നുണ്ട്. നിർദ്ധന വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണം, ചെറുകിട കുടിവെള്ള പദ്ധതികൾ, സ്വയംതൊഴിൽ കണ്ടെത്താനുള്ള സഹായം,

കൈത്തൊഴിലുകാർക്കും ചെറുകിടകച്ചവടക്കാർക്കുമായുള്ള വായ്പാ ധനസഹായ പദ്ധതികൾ എന്നിങ്ങനെ മെച്ചപ്പെട്ട തൊഴിലിനും, വിദ്യാഭ്യാസ ത്തിനും, ജീവിത സാഹചര്യങ്ങൾക്കും പ്രയോജനകരമായ അനേകം പദ്ധതി കൾ നാം നടപ്പിലാക്കികഴിഞ്ഞു. ഇനിയും ചിലതിന് നാം സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ അനുവദിച്ചുവരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

റിപ്പോർട്ടുവർഷം എടത്തല സെന്റ് ജൂഡ് കോൺഫറൻസിന്റെ നിർദ്ധന വിദ്യാർത്ഥികൾക്കുള്ള പഠനോപകരണപദ്ധതിയിൽ എൺപതോളം വിദ്യാർത്ഥികൾക്കു പ്രയോജനപ്പെടുന്ന പ്രോജക്ട് നടപ്പിലാക്കിക്കഴിഞ്ഞു. വൈപ്പിൻ നോർത്ത് എ.സി. യിലെ പെരുമ്പിള്ളി ഹോളി ഫാമിലി കോൺഫ റൻസ് നടത്തുന്ന നഴ്സറി ക്ലാസിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടും വിദേശ സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. തോട്ടക്കാട്ടു കര എ.സി. യിലെ എടത്തല വിമലഹൃദയ കോൺഫറൻസിന്റെ പദ്ധതിയായ ആടുവിതരണം ധനസഹായം പ്രതീക്ഷിച്ച് സജ്ജമായിരിക്കുന്നു.

നമ്മുടെ സെൻട്രൽ കൗൺസിലിലെ തുടർപദ്ധതികളായ മഞ്ഞുമ്മൽ വിൻടെക്ക് പ്രൊഡക്ഷൻ സെന്റർ, കളമശ്ശേരി വിൻസെൻഷ്യൻ ക്ലിനിക്, എറ ണാകുളത്തെ വിൻസെൻഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ് എന്നിവ നല്ല നിലയിൽ നടന്നുവരുന്നു. അർഹരായ അനേകം പേർക്ക് ഇവയുടെ പ്രയോ ജനം തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കുന്നു.

വിൻസെൻഷ്യൻ പ്രസ്ഥാനത്തിലെ മൈക്രോ ഫൈനാൻസ് പദ്ധതി യായ ഗ്രാമീൺ ബാങ്ക് പദ്ധതി ഇപ്പോൾ പതിനാറു കോൺഫറൻസുകളിലായി അനുസ്യൂതം നടന്നുവരുന്നു. കഴിഞ്ഞ 8 വർഷമായി നടന്നുവരുന്ന ഈ പദ്ധ തികൾ വഴിയായി അനേകായിരം പേർക്ക് അത്യാവശ്യനേരത്ത് വായ്പാ സഹായം നൽകാൻ ഈ കോൺഫറൻസുകൾക്കുകഴിയുന്നുണ്ട്. സെൻട്രൽ കൗൺസിലിന്റെ മേൽനോട്ടം ഇവയെ ഊർജ്ജസ്വലമായി പ്രവർത്തിക്കാൻ സഹായിക്കുന്നു.

**ജൂബിലോൺ**

നാഷണൽ കൗൺസിൽ ആവിഷ്കരിച്ച ജൂബിലോൺ പദ്ധതി 1999 ജനുവരി 26 ന് ആരംഭിച്ചു. നാഷണൽ കൗൺസിലിൽ നിന്നു ലഭിച്ച 82,000/- രൂപയായിരുന്നു മൂലധനം. പിന്നീടത് രണ്ടു ഘട്ടങ്ങളിലായി 1,33,000/- രൂപ യാക്കി വർദ്ധിപ്പിച്ചു. ഈ പദ്ധതിയിലൂടെ 158 പേർക്ക് 6,84,000/- രൂപയുടെ വായ്പ ഇതുവരെ നല്കിയിട്ടുണ്ട്.

**ഗോൾഡൺ ജൂബിലോൺ**

ഗോൾഡൺ ജൂബിലോൺ 2004 ഡിസംബർ 21 ന് നിലവിൽ വന്നു. കോൺഫറൻസ് അംഗങ്ങൾ ത്യാഗവിഹിതത്തിലൂടെ സമാഹരിച്ച 1,67,421/- രൂപയാണ് ഈ പദ്ധതിയുടെ മൂലധനം. വരാപ്പുഴ സെൻട്രൽ കൗൺസിലിന്റെ സ്വന്തം പദ്ധതിയായ ഗോൾഡൺ ജൂബിലോണിലൂടെ ഇതുവരെ 111 പേർക്ക് 5,53,000/- രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.



രണ്ട് സ്കീമുകളിലൂടെ നമ്മുടെ സി.സി. 269 ഗുണഭോക്താക്കൾക്ക് 12,37,000/- രൂപ ഇതിനകം നൽകിയിട്ടുണ്ട്.

**നടപ്പു സാമ്പത്തിക വർഷത്തെ വിതരണം**

| | | |
|---|---|---|
| ജൂബിലോൺ | 13 എണ്ണം | 60,000/- രൂപ |
| ഗോൾഡൺ ജൂബിലോൺ | 19 എണ്ണം | 95,000/- രൂപ |
| **ആകെ** | **32 എണ്ണം** | **1,55,000/- രൂപ** |

**വിൻസെൻഷ്യൻ വിദ്യാഭ്യാസ സഹായപദ്ധതികൾ**

വിൻസെൻഷ്യൻ വിദ്യാഭ്യാസസഹായ പദ്ധതികൾ രണ്ടു രീതിയിലാണ് നടപ്പിലാക്കിയിരിക്കുന്നത്. ഒന്ന്, നാഷണൽ കൗൺസിലിന്റെയും, രണ്ടാമത്തേത് വരാപ്പുഴ സെൻട്രൽ കൗൺസിലിന്റെയും ആഭിമുഖ്യത്തിൽ.

**1. നാഷണൽ കൗൺസിൽ പദ്ധതികൾ**

**എ. ടെക്നിക്കൽ ട്രെയിനിംഗ് സ്കോളർഷിപ്പ്** (TTS)

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മൂന്നുവർഷ പഠന കാലാവ ധിയുള്ള സാങ്കേതികപഠനം നടത്തുന്ന കുട്ടികൾക്കു വേണ്ടിയുള്ളതാണിത്. അപേക്ഷകർ 16-നും 23-നും മദ്ധ്യേ പ്രായമുള്ളവരും 55% മാർക്ക് ഉള്ളവരുമാ യിരിക്കണം.

**ബി. അസിസ്റ്റ് എ സ്റ്റുഡന്റ് സ്കോളർഷിപ്പ്** (AAS)

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഏതെങ്കിലും തൊഴിലധി ഷ്ടമായ കോഴ്സിൽ പഠനം നടത്തുന്നവർക്ക്.

**സി. വൊക്കേഷണൽ ട്രെയിനിംഗ് സ്കോളർഷിപ്പ്** (VTS)

പ്രാഥമിക വിദ്യാഭ്യാസ യോഗ്യതയില്ലാത്ത, കുറഞ്ഞത് 6 മാസം ദൈർഘ്യമുള്ള തൊഴിൽ അധിഷ്ഠിതകോഴ്സിൽ പഠിക്കുന്ന 16-നും 22-നും മദ്ധ്യേ പ്രായമുള്ളവർക്കു വേണ്ടിയുള്ളതാണ് ഈ പദ്ധതി

**ഡി. വിദ്യാജോതി ദത്തു വിദ്യാർത്ഥി പദ്ധതി**

ഏറ്റവും നിർദ്ധനരായ കുടുംബങ്ങളിൽനിന്ന് ഒരു വിദ്യാർത്ഥിയെ ദത്തെടുത്തു പ്രാഥമിക തലം മുതൽ സഹായം നല്കുന്ന ഒരു സംവിധാന മാണിത്.

**ഇ. ഡോ. വാൻ റൂട്ടൺ വിദ്യാഭ്യാസ പദ്ധതി**

ഡോ. വാൻ റൂട്ടണിന്റെ രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ചു നട പ്പാക്കിയ പദ്ധതി. ഇദ്ദേഹമാണ് നാഷണൽ കൗൺസിലിന്റെ വിവിധ വിദ്യാ ഭ്യാസ സഹായ പദ്ധതികൾക്ക് തുടക്കം കുറിച്ചത്. നാലുവർഷത്തെ എൻജി നിയറിംഗ് കോഴ്സിന് പഠിക്കുന്ന നിർദ്ധനരായ കുട്ടികൾക്കു വേണ്ടിയുള്ളത്. ഒരു സി.സി.യിൽ നിന്ന് ഒരു കുട്ടിക്കു മാത്രമേ ഇത് ലഭിക്കുകയുള്ളൂ.

**2. വരാപ്പുഴസെൻട്രൽ കൗൺസിൽ വിദ്യാഭ്യാസസഹായ പദ്ധതി**

1833–ൽ തുടക്കം കുറിച്ച ആഗോള വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ 150–ാം വാർഷിക സ്മൃതി ശാശ്വതമാക്കാൻ, വിഭാവനം ചെയ്ത് 1983–ൽ രൂപം കൊണ്ട പദ്ധതിയാണിത്. വിദേശ സഹായമൊന്നുമില്ലാതെ അംഗങ്ങളിൽ നിന്നും ഉദാരമതികളായ സഹായികളിൽ നിന്നും ധനസമാഹരണം നടത്തിക്കൊണ്ട് സാങ്കേതികപഠനം നടത്തുന്ന അതിരൂപതാംഗങ്ങൾക്കു മാത്രമാണിത്. കഴിഞ്ഞ 25 വർഷമായി ഈ പദ്ധതി വിജയകരമായി മുന്നോട്ടു പോകുന്നു.

**അനുമോദനങ്ങൾ – ആശംസകൾ**

നമ്മുടെ കുടുംബാംഗങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളും വിജയങ്ങളും നമുക്കെല്ലാം സന്തോഷം പകരുന്ന അനുഭവങ്ങളായിരിക്കും. അത്തരം നേട്ടങ്ങളുണ്ടാക്കുന്നവരെ പ്രത്യേകം ആദരിക്കേണ്ടതാവശ്യമാണ്. വിൻസെൻഷ്യൻ അംഗങ്ങളെയും ഏറ്റവും അടുത്ത ബന്ധുക്കളെയും – അംഗത്തിന്റെ ഭാര്യ, മകൻ, മകൾ – ഇത്തരം സന്ദർഭങ്ങളിൽ ആദരിക്കാൻ സി.സി. തലത്തിൽ വേദിയൊരുക്കുന്നുണ്ട്. എല്ലാ വർഷവും ഇതുണ്ടാവണം എന്നാശിക്കുകയാണ്. വിദ്യാഭ്യാസരംഗത്തും തൊഴിൽമേഖലയിലും കൈവരിക്കുന്ന അതിശ്രദ്ധേയമായ വിജയങ്ങൾ മാത്രമേ ഇവിടെ പരിഗണിക്കാനാവൂ എന്നും അറിയിക്കട്ടെ. ഇത്തവണ വാർഷികസംഗമത്തിൽ മൂന്നുപേരെ നാം ആദരിക്കുകയാണ്:

(1) ഓൾഇന്ത്യാ സിവിൽ സർവീസ് പരീക്ഷയിൽ 559–ാം റാങ്കുനേടിയ ജോവാന്നസ് ജോർജ്ജ് ചക്കാലയ്ക്കൽ. പെരുമാനൂർ സെന്റ് ജോർജ്ജ് കോൺഫറൻസ് അംഗവും എറണാകുളം സൗത്ത് എ.സി.മുൻ പ്രസിഡണ്ടുമായ ബ്രദർ ജോർജ്ജ് ചക്കാലയ്ക്കലിന്റെ മകൻ.

(2) ഈ വർഷം നടന്ന ഭവൻസ് സ്കൂൾ യൂത്ത് ഫെസ്റ്റിവലിൽ സംസ്ഥാന തല സുഷിരവാദ്യമത്സരത്തിൽ പിയാനോയിൽ ഒന്നാംസമ്മാനം നേടിയ ഡോൺ കെ. വിൻസെന്റ്. ലണ്ടൻ ട്രിനിറ്റി കോളെജ് ഓഫ് മ്യൂസിക് നടത്തുന്ന പിയാനോ പരീക്ഷയിൽ സെവൻത്ത് ഗ്രേഡ് നേടിയിട്ടുണ്ട്. നമ്മുടെ സി.സി. വിദ്യാഭ്യാസകമ്മിറ്റി ചെയർമാൻ പ്രൊഫ. വിൻസെന്റ് കെ.ജോണിന്റെ മകൻ.

(3) സംസ്ഥാന സഹകരണവകുപ്പിൽ പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ഓഡിറ്റ്) ശ്രീമതി ഉഷ മരിയ. സഹകരണവകുപ്പിൽ ജെ.ഡി.സി. ട്രെയിനിങ്ങ് സെന്ററിന്റെ (തൃശൂർ) പ്രിൻസിപ്പലായിരുന്നു. നമ്മുടെ സി.സി.യിൽ പി.ആർ.ഒ. ആയി സേവനമനുഷ്ഠിക്കുന്ന മാത്തച്ചൻ അറയ്ക്കലിന്റെ സഹധർമ്മിണി.

ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്ന്യാസിനീ സമൂഹമായ തെരേസ്യൻ കർമ്മലീത്താസഭ (സി.റ്റി.സി.) സ്ഥാപക മദർ ഏലീശ്വയെ 2008 മെയ് 30–ാം തീയതി ദൈവദാസിയായി അവരോധിച്ചുകൊണ്ടുള്ള പ്രഖ്യാപനം അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് നടത്തിയല്ലോ. വിശുദ്ധ പദവിയിലേക്കുള്ള നാമകരണ നടപടികൾക്ക് ഇതോടെ തുടക്കമായി. ഇതിനുള്ള ഔദ്യോഗികസമിതിയെയും അഭിവന്ദ്യ മെത്രാപ്പോലീത്ത ആദിവസം നിയമിച്ചു. ഈ സമിതിയിലെ ഏക അല്മായനും ചരിത്രവിഭാഗം പരിശോധകനുമായി നമ്മുടെ സി.സി. പ്രസിഡന്റ് ബ്ര. പ്രീമൂസ് പെരിഞ്ചേരി നിയമിതനായത് നമുക്കേവർക്കും അഭിമാനകരമായ ഒന്നാണ്. മദർ ഏലീശ്വയെ എത്രയും വേഗം അൾത്താരയിലെ വണക്കത്തിനായി ഉയർത്തപ്പെടണമേയെന്ന് നമുക്കേവർക്കും പ്രാർത്ഥിക്കാം. നമ്മുടെ അതിരൂപതയിൽനിന്ന് ആഗോള കത്തോലിക്കാസഭയുടെ വിശുദ്ധരുടെ ഗണത്തിൽ മദർ ഏലീശ്വയെ ഉൾപ്പെടുത്തുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങളിൽ പങ്കാളിയാക്കപ്പെട്ട ബ്ര. പ്രീമൂസ് പെരിഞ്ചേരിക്ക് ഹൃദയംഗമമായ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**അനുശോചനം, ആത്മശാന്തിപ്രാർത്ഥന**

നമ്മുടെ സി.സി യുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ കോൺഫറൻസുകളിൽനിന്ന് അംഗങ്ങളും കുടുംബാംഗങ്ങളുമായ ചിലർ ഈ പ്രവർത്തനവർഷം നിത്യവിശ്രമത്തിന് കർത്താവിന്റെ സന്നിധിയിലേക്കു വിളിക്കപ്പെടുകയുണ്ടായല്ലോ. അവരുടെ വിയോഗത്തിൽ ബന്ധുജനങ്ങൾക്കുണ്ടായ ദുഃഖത്തിൽ നാം പങ്കുചേരുന്നു. അവരുടെ നിത്യശാന്തിക്കായി നമുക്കു പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യാം.

**നന്ദിയുടെ പൂക്കൾ**

അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് നമ്മുടെ രക്ഷാധികാരിയും അഭിവന്ദ്യ ജോസഫ് കാരിക്കാശ്ശേരി പിതാവ് സഹരക്ഷാധികാരിയുമാണ്. പൈതൃകമായ സ്നേഹവാത്സല്യങ്ങളോടെയാണ് അവർ സൊസൈറ്റിയെ നോക്കിക്കാണുന്നത്. നമുക്കെന്നും ആശീർവചനങ്ങളാൽ ഈ പിതാക്കന്മാർ പ്രോത്സാഹനം നല്കിക്കൊണ്ടിരിക്കുന്നു. രണ്ടുപേർക്കും ഹൃദയം നിറഞ്ഞ നന്ദിയർപ്പിക്കട്ടെ. ചരിത്ര പ്രസിദ്ധമായ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ഇടവകയുടെ വികാരി എന്ന നിലയിൽ ഏറെ വലിയ ഉത്തരവാദിത്വങ്ങൾക്കുനടുവിലും സവിശേഷവാത്സല്യത്തോടെ സി.സി. ആദ്ധ്യാത്മികോപദേഷ്ടാവായി തുടരുന്ന വെരി റവ. ഫാ. ക്ലീറ്റസ് പറമ്പലോത്തിന് നന്ദിപറയുന്നു. കോൺഫറൻസ് പ്രവർത്തനങ്ങൾക്കു ശക്തിപകരുന്ന ആധ്യാത്മികോപദേഷ്ടാക്കൾ ബ.വികാരിയച്ചന്മാരാണ്. അവരെയും കൃതജ്ഞതയോടെ ഈ അവസരത്തിൽ അനുസ്മരിക്കട്ടെ. ആയിരക്കണക്കായ അംഗങ്ങൾ, കോൺഫറൻസ് പ്രസിഡണ്ടുമാർ, പ്രവർത്തനങ്ങൾ സമന്വയിപ്പിക്കുന്ന എ.സി. പ്രസിഡണ്ടുമാർ – എല്ലാവർക്കും നന്ദിയുടെ പൂക്കൾ.

വിൻസെൻഷ്യൻ പ്രവർത്തനം ഒരു ദൈവവിളിയായി കാണാൻ നമ്മെ അനുഗ്രഹിക്കണേ എന്നു ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് 2007–2008–ലെ വാർഷികറിപ്പോർട്ട് ആദരപൂർവം അവതരിപ്പിക്കട്ടെ.

എറണാകുളം
29.6.2008

**ജോസ് ഫ്രാൻസിസ് വടക്കുംതല**
ജനറൽ സെക്രട്ടറി

# സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററി,
## വരവു – ചെലവു
### 2007 ഏപ്രിൽ 1 മുതൽ

| വരവ് | രൂപ |
|---|---|
| **മുൻ നീക്കിയിരിപ്പ്** | |
| കൈവശം | 3,532.00 |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ | 393,275.29 |
| സ്ഥിരനിക്ഷേപങ്ങളിൽ | 1,866,500.00 |
| **ആകെ നീക്കിയിരിപ്പ്** | **2,263,307.29** |
| ഇന്റേണൽ ടിന്നിംഗ് | 42,950.00 |
| വിദ്യാഭ്യാസ എൻഡോവ്മെന്റ് വരവ് | 175,500.00 |
| ഡയറി 2008 | 5,335.00 |
| 'ടി' ഷർട്ട് വരവ് | 22,240.00 |
| ആദ്ധ്യാത്മികസെമിനാറുകളും ക്യാമ്പുകളും | 3,000.00 |
| വിദ്യാഭ്യാസസ്കോളർഷിപ്പ് വരവ് | 49,900.00 |
| ദുരിതാശ്വാസം (ആഫ്രിക്ക ഫണ്ട്) വരവ് | 38,610.00 |
| സി.ഡി.വില വരവ് | 58,365.00 |
| പ്രത്യേക സംഭാവനകൾ | 1,000.00 |
| അഞ്ചു ശതമാനം വിഹിതം എ.സി.കളിൽ നിന്ന് | 117,708.00 |
| നാഷണൽ കൗൺസിൽ ഫണ്ടിലേക്കു ലഭിച്ചത് | 11,340.00 |
| കൗൺസിൽ ജനറൽ ഫണ്ടിലേക്കു ലഭിച്ചത് | 11,340.00 |
| ബാങ്കിൽ സ്ഥിര നിക്ഷേപങ്ങളിൽ നിന്നു പലിശ | 139,764.00 |
| രഹസ്യപ്പിരിവ് | 27,390.00 |
| സേവിംഗ്സ് അക്കൗണ്ടുകളിൽ നിന്നു പലിശ | 13,543.00 |
| വാർഷികധ്യാനം ആലുവ ആത്മദർശനിൽ വരവ് | 12,600.00 |
| ലോണുകളും അഡ്വാൻസുകളും | 18,900.00 |
| പലവക | 430.00 |
| വിൻഫോർമേഷൻ വരവ് | 19,745.00 |
| ജൂബിലോൺ തിരിച്ചടവ് | 64,362.00 |
| ഗോൾഡൺ ജൂബിലോൺ തിരിച്ചടവ് | 107, 438.00 |
| വിൻടെക്ക് ലോൺ തിരിച്ചടവ് | 25,000.00 |
| കോയിൻ ബോക്സ് ഫോൺ വരവ് | 3,619.00 |
| | 0.00 |
| | 0.00 |
| | 0.00 |
| **ആകെ വരവ്** | **970,079.00** |
| **ആകെ** | **3,233,386.29** |



# വരാപ്പുഴ സെൻട്രൽ കൗൺസിൽ
## കണക്കുകൾ
### 2008 മാർച്ച് 31 വരെ

| ചെലവ് | രൂപ |
|---|---|
| ആഫ്രിക്ക ഫണ്ട് | 38,610.00 |
| 'ടി' ഷർട്ട് വില നല്കിയത് | 34,200.00 |
| വിദ്യാഭ്യാസസ്കോളർഷിപ്പ് വിതരണം ചെയ്ത് | 131,500.00 |
| ചികിത്സാസഹായം | 25,500.00 |
| സി.ഡി.വില നല്കിയത് | 60,750.00 |
| ഇന്റേണൽ ടിന്നിംഗ് | 30,350.00 |
| നാഷണൽ കൗൺസിലിലേക്ക് 5% വിഹിതം | 40,775.00 |
| നാഷണൽ കൗൺസിൽ ഫണ്ടിലേക്ക് നല്കിയത് | 11,640.00 |
| കൗൺസിൽ ജനറൽ ഫണ്ടിലേക്ക് നല്കിയത് | 11,640.00 |
| ജീവൻജ്യോതി പ്രോജക്ട് വിഹിതം | 5,000.00 |
| നാഷണൽ കൗൺസിൽ ബുള്ളറ്റിൻ (റീച്ച് ഔട്ട്) | 5,000.00 |
| ജീവജ്യോതി വരിസംഖ്യ 2005 & 2006 | 16,432.00 |
| ഓഫീസ്ചെലവുകൾ | 10,517.00 |
| യാത്രച്ചെലവുകൾ | 4,400.00 |
| പ്രിന്റിംഗും സ്റ്റേഷനറിയും | 27,230.00 |
| പോസ്റ്റേജ് | 1,850.00 |
| ആദ്ധ്യാത്മിക സെമിനാറുകളും ക്യാമ്പുകളും | 63,035.00 |
| ജൂബിലോൺ വിതരണം | 65,000.00 |
| പ്രത്യേക ഗ്രാന്റ് – വനിതാ കമ്മിറ്റിക്ക് | 18,900.00 |
| ഫോട്ടോസ്റ്റാറ്റ് മെഷീൻ | 59,280.00 |
| ഗോൾഡൻ ജൂബിലിലോൺ വിതരണം | 90,000.00 |
| വിൻസെൻഷ്യൻ ക്ലിനിക്ക് റിപ്പയറിങ്ങ് | 30,000.00 |
| കോയിൻ ബോക്സ് ഫോൺ വരിസംഖ്യ | 2,642.00 |
| ബാങ്ക് ചാർജസ് | 5,329.00 |
| പ്രത്യേക സംഭാവനകൾ | 3,800.00 |
| **ആകെ ചെലവ്** | **793,380.00** |
| **നീക്കിയിരിപ്പ്** | |
| കൈവശം | 1,789.00 |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ | 317,717.29 |
| സ്ഥിരനിക്ഷേപങ്ങളിൽ | 2,120,500.00 |
| **ആകെ നീക്കിയിരിപ്പ്** | **2,440,006.29** |
| **ആകെ** | **3,233,386.29** |

## വിദേശ എക്കൗണ്ട്

| വരവ് | രൂപ |
|---|---|
| **മുൻ നീക്കിയിരിപ്പ്** | |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ | **2,26,115.60** |
| ടിന്നിംഗുകൾ | 6,86,004.00 |
| പ്രോജക്ടുകൾ | 0.00 |
| സ്കോളർഷിപ്പ് | 1,39,675.00 |
| ദുരിതാശ്വാസം | 70,830.00 |
| പ്രത്യേക ഗ്രാന്റുകൾ | 2,12,521.00 |
| പ്രത്യേക സംഭാവനകൾ | 7,410.00 |
| **ആകെ വരവ്** | **11,16,440.00** |
| **ആകെ** | **13,42,555.60** |

| ചെലവ് | രൂപ |
|---|---|
| ടിന്നിംഗുകൾ | 7,65,204.00 |
| പ്രോജക്ടുകൾ | 15,000.00 |
| വിദ്യാഭ്യാസം | 81,650.00 |
| ദുരിതാശ്വാസം | 1,13,065.00 |
| പ്രത്യേക സഹായം | 2,26,454.00 |
| ബാങ്ക് ചെലവുകൾ | 546.00 |
| **ആകെ ചെലവ്** | **12,01,919.00** |
| നീക്കിയിരിപ്പ് | |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ | 1,40,636.60 |
| **ആകെ നീക്കിയിരിപ്പ്** | **1,40,636.60** |
| **ആകെ** | **13,42,555.60** |

**ബ്ര. പ്രീമൂസ് പെരിഞ്ചേരി**
*(പ്രസിഡൻറ്)*

**ബ്ര. ജോയ് കെ. ദേവസി**
*(ട്രഷറർ)*

**ബ്ര. ഏയ്ഞ്ചൽ മേരി &**
**ബ്ര. നെൽസൺ കൊറയ**
*(ഇന്റേണൽ ഓഡിറ്റർമാർ)*

**M/s. കെ.ടി.ആൻറണി & അസ്സോസിയേറ്റ്സ്**
*(സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ)*



## എൻഡോവ്മെൻറുകൾ – 2007–2008

| ദാതാവ് | സ്മാരകനാമം | കോൺഫറൻസ് |
|---|---|---|
| **എറണാകുളം ഈസ്റ്റ് എ.സി.** | | |
| 1. മേരി ദേവസ്സി, പ്രേമവില്ല, എലവുങ്കൽറോഡ് പാലാരിവട്ടം | ഗ്രെയ്സി തോമസ്, കാനാശ്ശേരി, പച്ചാളം | ഔർ ലേഡി ഓഫ് ഇമ്മാക്കുലേറ്റ് കൺസപ്ഷൻ, പാലാരിവട്ടം |
| 2. ആൻ മാത്യു പള്ളൻ, പുതിയറോഡ് | മാത്യു പള്ളൻ പാലാരിവട്ടം | ” |
| 3. ആൻ മാത്യു പള്ളൻ, പുതിയറോഡ് പാലാരിവട്ടം | നിമ്മി ജോസ്, പുല്ലയിൽ | ” |
| 4. ജോൺ ബ്രിട്ടോ, പള്ളത്ത്, പുതിയറോഡ് | പി.ജി. മാനുവൽ, പൊള്ളയപ്പറമ്പിൽ | ” |
| 5. മോളി സേവ്യർ, പവ്വോത്തിത്തറ, എലവുങ്കൽ റോഡ്, പാലാരിവട്ടം | സേവ്യർ പവ്വോത്തിത്തറ | ” |
| 6. ട്രീസാ വില്യംസ്, മരിയ ഗ്രൗണ്ട്സ്, തമ്മനം | വില്യം മരക്കാശ്ശേരി | ” |
| 7. പി.ജെ.സിറിൾ, പുതിയപറമ്പിൽ സെന്റ് ഫ്രാൻസിസ് ചർച്ച് റോഡ് | എഴുപതാം പിറന്നാൾ | സെന്റ് ഫ്രാൻസിസ് സേവ്യർ, കലൂർ |
| 8. ഏലിക്കുട്ടി സിറിൾ, പുതിയപറമ്പിൽ | അറുപത്തിയാറാം പിറന്നാൾ | ” |
| 9. കെ.എക്സ്.മാർട്ടിൻ, കാട്ടുപറമ്പിൽ, കതൃക്കടവ് | പരേതരായ കുടുംബാംഗങ്ങൾക്കുവേണ്ടി | ” |
| **എറണാകുളം നോർത്ത് എ.സി.** | | |
| 1. മേയ് ഓസ്റ്റിൻ, ഓൾഡ് റെയിൽവേസ്റ്റേഷൻ റോഡ് | ഗിൽബർട്ട് ഓസ്റ്റിൻ | ഇൻഫന്റ് ജീസസ്, എറണാകുളം |
| 2. ജോസഫിൻ പാപ്പാളി, ചിറക്കപ്പറമ്പിൽ, | സി.ജെ.ജോസഫിന്റെ 50-ാം ചരമവാർഷികം ബാനർജി റോഡ് | നിത്യസഹായമാതാ, എറണാകുളം |
| 3. ഡോ. രാജീവ് സ്റ്റാൻലി, കണക്കനാട്ട് ടി.ഡി.റോഡ് | കെ.എ. സ്റ്റാൻലി | ” |
| 4. ജോസഫ് പി.എ. പൊള്ളയിൽ, പാപ്പിനിശ്ശേരി, കണ്ണൂർ | പി.എം. ആന്റണി | ഔർ ലേഡി ഓഫ് റാൻസം, വല്ലാർപാടം |
| 5. ജെയിംസ് വാസ്, ജീസസ് ഡെയിൽ, വിൻസെൻഷ്യൻ റോഡ്, പാലാരിവട്ടം | ശ്രീമതി സാൻഡ്ര വാസ് | സെന്റ് തോമസ്, എറണാകുളം |

| | | |
|---|---|---|
| **എറണാകുളം സൗത്ത് എ.സി.** | | |
| 1. ബ്രിയാൻ ജോർജ്ജ്, വള്ളുവശ്ശേരി, ചിലവന്നൂർ | വി.സി.ജോർജ്ജ്& എലിസബത്ത് ജോർജ്ജ് | ഫാത്തിമ മാതാ, എളംകുളം |
| 2. ” | ” | ” |
| 3. മിസിസ്സ് ജോർജ്ജ്, മക്കൾ | ജോർജ്ജ് വില്ലനശ്ശേരി | സെന്റ് ജോർജ്ജ്, പെരുമാന്നൂർ |
| 4. മേരി അന്ന ഡയാന, തെക്കുംപുറത്ത്, കോന്തുരുത്തി | ഫിലോമിന റാഫേൽ, തെക്കുംപുറത്ത്, കോന്തുരുത്തി | സെന്റ് ജോസഫ്, തേവര |
| 5. ജോഷി കുന്നംകുമരത്ത് | കുട്ടികളുടെ വിദ്യാഭ്യാസം | വ്യാകുലമാതാ, അംബികാപുരം |
| 6. ഫിലിപ്പ് കുണക്കശ്ശേരി | പേരക്കുട്ടികളുടെ വിദ്യാഭ്യാസം | ” |
| 7. എലിസബത്ത് രാജൻ, പള്ളിയാട്ട്, പെരുമാന്നൂർ | രാജൻ പള്ളിയാട്ട് | ” |
| 8. മോളി പോൾ, മനയിൽ | റെജീന മനയിൽ | ” |
| 9. മോളി ജോൺ, പുളിക്കൽ | ജോൺ, പുളിക്കൽ | ” |
| 10. മേരി ഡൊമനിക്ക്, ചൂരപ്പറമ്പിൽ | കൃതജ്ഞത | ” |
| 11. മേജർ ആന്റണി, ചൂളക്കൽ വീട് | കൃതജ്ഞത | ” |
| 12. ഫെലിക്സ് കുണക്കശ്ശേരി | മേരി ബാസ്റ്റ്യൻ | ” |
| 13. പി.ജെ.വർഗ്ഗീസ്, പകിടത്തിട്ടയിൽ | പി.വി. ജോസഫ് | ” |
| 14. ഫിലോമിന ജോർജ്ജ്, കാട്ടുമ്പുറം, പെരുമാന്നൂർ | കൃതജ്ഞത | ” |
| **ചാത്യാത്ത് എ.സി.** | | |
| 1. എ.ജെ.ജോസഫ്, ആശാരിപ്പറമ്പിൽ, വടുതല | എ.ഒ.ജോസഫ് | ബ്ലസ്ഡ് മൈക്കിൾ റുവ, തട്ടാഴം |
| 2. ത്രേസ്യാമ്മ അഗസ്റ്റിൻ, ഓലപ്പുറത്ത് വടുതല | ഒ.സി.അഗസ്റ്റിൻ | സെന്റ് ആന്റണി (വനിത),വടുതല |
| 3. വി.ജെ.ജോർജ്ജ്, വടശ്ശേരി, പച്ചാളം | ചിന്നമ്മ ജോർജ്ജ് | ഡോൺ ബോസ്കോ, ചാത്യാത്ത് |
| 4. ജസ്റ്റസ് ജോർജ്ജ്, മൂന്നാഞ്ഞിലിക്കൽ ചാത്യാത്ത് | ട്രീസ ജോൺ | ” |
| 5. സാബിൻ ഫ്രാൻസിസ്, കൊപ്രാപ്പറമ്പിൽ, ചാത്യാത്ത് | ചാർളി ഫ്രാൻസിസ് | ” |
| 6. ബേബി വില്യംസ് കൊപ്രാപ്പറമ്പിൽ, ചാത്യാത്ത് | നോബി വില്യംസ് | ” |



| | | |
|---|---|---|
| **കളമശ്ശേരി എ.സി.** | | |
| 1. പൗളി ജോസഫ്, കൊപ്പനേത്ത് | മേരി & ജോർജ്, മുണ്ടഞ്ചേരി | മേരി മാതാ, ഉണിച്ചിറ |
| 2. വി.ജെ.ആന്റണി, വടശ്ശേരി, ഏലൂർ സൗത്ത് | ജേക്കബ് & മാർഗരറ്റ്, വടശ്ശേരി | സെന്റ് ആന്റണി, ഏലൂർ |
| 3. ജോസഫ് ന്യൂനസ്, സെഡ്രെ കോട്ടേജ്, ഇടപ്പിള്ളി | | സെന്റ് ജൂഡ്, ഉണിച്ചിറ |
| 4. നിഷ ജെയിസൺ, പാലപ്പറമ്പിൽ, ഇടപ്പിള്ളി | ജെയ്സൺ | ” |
| 5. നവിൻ എഫ്. ഹെൻട്രി, രണ്ടുതെങ്ങിൽ, ചങ്ങമ്പുഴനഗർ | ഫ്രാൻസിസ് ഗോമസ്, കല്ലുപ്പാറയിൽ | സെന്റ് പയസ് X, കളമശ്ശേരി |
| 6. എം.ജി.പോൾ, C3, LD കോളനി, KSEB, കളമശ്ശേരി | എം.പി.ജോർജ്ജ്, മുഴിത്തോട്ടിൽ, കുറ്റിക്കാട്ടുക്കര | സെന്റ് തോമസ്, കുറ്റിക്കാട്ടുക്കര |
| **കൂനമ്മാവ് എ.സി.** | | |
| 1. പ്രകാശ് മാനുവൽ, വാഴുവേലിൽ, വള്ളുവള്ളി | ലാസർ മാനുവൽ | അമലോത്ഭവമാതാ, ചെറിയപ്പിള്ളി |
| 2. വർക്കി ജോബ്, കോളരിക്കൽ | കർമ്മലി ചെറുപുഷ്പാലയം | ബ്ലസ്ഡ് ചവറ (വനിത), |
| 3. ജോബ്, തോമസ്, കുന്നനാട്ട്, ചിറക്കകം | തോമസ് കുന്നനാട്ട്, ചിറക്കകം | ക്രിസ്തുരാജ കോൺഫറൻസ്, ക്രിസ്തുനഗർ |
| 4. ലാലൻ, കുരിയപ്പറമ്പിൽ | 15–ാമതു വിവാഹ വാർഷികം പാനായിക്കുളം | ലിറ്റിൽ ഫ്ളവർ (വനിത) |
| 5. മേജി ജോൺസൺ, കൊടയ്ക്കനാൽ | കൃതജ്ഞത ക്രിസ്തുനഗർ | സെന്റ് പയസ് X (വനിത), ക്രിസ്തുനഗർ |
| 6. എലിസബത്ത് റെഡെൻതോസ് | മാതാപിതാക്കളുടെ സ്മരണയ്ക്ക് | ” |
| 7. ജോസ് വാഴപ്പിള്ളി, കൂനമ്മാവ് | കുഞ്ഞിത്തോമൻ, വാഴപ്പിള്ളി വീട്, കൂനമ്മാവ് | സെന്റ് ഫിലോമിനാസ്, കൂനമ്മാവ് |

| | | |
|---|---|---|
| **കോതാട് എ.സി.** | | |
| 1. കെ.ടി.അന്തോണി, കൊടുവേലിപ്പറമ്പിൽ ചരിയംതുരുത്ത് | കെ.സി. തോമസ്, കൊടുവേലിപ്പറമ്പിൽ | മരിയ ഗൊരേത്തി (വനിത) ചരിയംതുരുത്ത് |
| 2. പി.എ.ജോസഫ്, പനക്കൽ, കോതാട് | പി.എം. ആന്റണി, പനക്കൽ കോതാട് | സേക്രഡ് ഹാർട്ട് (വനിത), |
| 3. ജോസി പനക്കൽ, കോതാട് | കാതറിൻ, പനക്കൽ | ” |
| 4. റജീന ജോർജ്ജ്, കൈനിക്കാട്ട്, കോതാട് | ജോർജ്ജ് കൈനിക്കാട്ട് | ” |
| 5. പ്രസിഡന്റ്, സെന്റ് ആന്റണി കോൺഫറൻസ് ചേന്നൂർ | മരിച്ചുപോയ കോൺഫറൻസ് അംഗങ്ങൾ | സെന്റ് ആന്റണി, ചേന്നൂർ |
| 6. പി.ജെ.യേശുദാസ്, പനക്കൽ, മൂലമ്പിള്ളി | ആനി യേശുദാസ് | സെന്റ് അഗസ്റ്റിൻ, മൂലമ്പിള്ളി |
| 7. കെ.ജെ.ജോർജ്ജ്, കാടംപറമ്പിൽ മൂലമ്പിള്ളി | ജോസഫ് & ത്രേസ്യ, കാടംപറമ്പിൽ | വിമലാംബിക (വനിത) മൂലമ്പിള്ളി |
| 8. ജെയിംസ് നെറ്റോ | മോണിക്ക ജെൻസി | ” |
| 9. അന്തോണി ജോർജ്ജ്, ഈരയിൽ | അലക്സാണ്ടർ ഈരയിൽ | വേളാങ്കണിമാതാ കോൺഫറൻസ്, ചരിയംതുരുത്ത് |
| **മംഗലപ്പുഴ എ.സി.** | | |
| 1. സോണി ജോയി, പൊങ്ങച്ചിറ, ഏലൂക്കര മുപ്പത്തടം | ഔസേപ്പ് ജോൺ, പൊങ്ങച്ചിറ | ലിറ്റിൽ ഫ്ളവർ (വനിത), യു.സി.കോളേജ് |
| 2. സിജി ജോബി, മുണ്ടേപ്പിള്ളി, പഴങ്ങനാട് | ത്രേസ്യാമ്മ ജോസഫ്, മുണ്ടേപ്പിള്ളി | ” |
| **തോട്ടക്കാട്ടുകര എ.സി.** | | |
| 1. മേരി സിൽവെസ്റ്റർ, പനക്കൂട്ടത്തിൽ ചുണങ്ങംവേലി, എടത്തല | സിൽവെസ്റ്റർ, പനക്കൂട്ടത്തിൽ | സെന്റ് ജൂഡ് എടത്തല |
| 2. ലൂസിക്കുട്ടി ഡോമിനിക്ക്, മുരിക്കുംതറ, ചുണങ്ങംവേലി | ഹാരി ഡോമിനിക്കിന്റെ ജ്ഞാനസ്നാനം | വിമല ഹൃദയ (വനിത), എട്ടേക്കർ |
| 3. സതീഷ് പി.ടി, 'സുസ്മിതം' ചുണങ്ങംവേലി | സ്മിത, 'സുസ്മിതം', ചുണങ്ങംവേലി | ” |
| 4. ആന്റണി സേവ്യർ, പീടിയേക്കൽ | സേവ്യർ പി.ഒ. | ” |



| | | |
|---|---|---|
| **ഉദയംപേരൂർ എ.സി.** | | |
| 1. റോയ്, റോസ്‌ലാന്റ്, ഇരുമ്പനം | പി.പി.ആന്റണി ഫെർണാണ്ടസ് | സെന്റ് ജോസഫ്, തൃപ്പൂണിത്തുറ |
| 2. സുമ ജോസഫ്, കുണ്ടത്തിൽ, തേവർക്കാവ് ടെംബിൾ റോഡ്, തൃപ്പൂണിത്തുറ | ഏലിയാമ്മ ജോസഫ്, കുണ്ടത്തിൽ | ” |
| 3. ” | ടി.ജോസഫ് കുണ്ടത്തിൽ | ” |
| 4. ടെറൻസ് കർത്തേടത്ത്, തൃപ്പൂണിത്തുറ | കെ.പി.തോമസ് & കൊച്ചുത്രേസ്യ | ” |
| 5. ടോമി വിൽഫ്രഡ്, 'ശാലോം' തൃപ്പൂണിത്തുറ | ടി.പി.വിൽഫ്രഡ് | ” |
| 6. ജോർജ്ജ് ഡൊമിനിക്ക്, വേലിക്കകത്ത് ഏ.കെ.ജി. റോഡ് | പ്ലാമിയ ഡൊമിനിക്ക് | സെന്റ് റാഫേൽ, തൈക്കൂടം |
| 7. ജോളി തോമസ്, കൂടാരപ്പിള്ളി, തൈക്കൂടം | റാഫേൽ തോമസ് & ട്രീസ തോമസ് | ” |
| 8. അന്നമ്മ ഫ്രാൻസിസ്, കളത്തിങ്കൽ, തൈക്കൂടം | ഫ്രാൻസിസ് സേവ്യർ, കളത്തിങ്കൽ | ” |
| 9. ഷാജി സ്റ്റീഫൻ, കൂടാരപ്പിള്ളി, എം.എൽ. പൈലി റോഡ് | സെലിൻ സ്റ്റീഫൻ | ” |
| 10. ആന്റണി നെടുംപറമ്പിൽ, പനങ്ങാട് | മറിയം ഔസേപ്പ് | സെന്റ് ആന്റണി, പനങ്ങാട് |
| 11. ഡോ. പ്രീമൂസ് പെരിഞ്ചേരി, പനങ്ങാട് | മകളുടെ സന്താനലബ്ധി | ” |
| 12. വിക്ടോറിയ ജെറോം, മനക്കിൽ, പനങ്ങാട് | അമ്മയുടെ സ്മരണയ്ക്ക് | ” |
| 13. റോയ് പാളയത്തിൽ, ചമ്പക്കര | ജോർജ്ജ് പാളയത്തിൽ | സെന്റ് തോമസ്, തോമസ്പുരം |
| 14. ജെൽട്രൂഡ് നെടുംപറമ്പിൽ | റവ.സി.ഫുൾജെൻസിയ C.T.C. 2–ാം വാർഷികം | ” |
| 15. കെ.ജെ. റെയ്മോണ്ട് കുഴിവേലി, മാർട്ടിൻപുരം | കർമ്മലി ഫ്രാൻസിസ് | ” |
| 16. ഡോ. ആന്റണി ലിക്സൺ വേലിക്കകത്ത്, തോമസ്പുരം | വി.ടി.സേവ്യർ, വേലിക്കകത്ത് | ” |
| 17. കെ.ആർ. ജോസഫ്, കുന്നലക്കാട്ട് തോമസ്പുരം | കെ.എൽ.റാഫേൽ & മേരി റാഫേൽ | ” |
| 18. കെ.ആർ ജോൺ, കുന്നലക്കാട്ട് തോമസ്പുരം | സപ്തതി ആഘോഷം | ” |

| | | |
|---|---|---|
| **വരാപ്പുഴ എ.സി.** | | |
| 1. ഫ്രാൻസിസ് പായ്‌വ, പള്ളിപ്പറമ്പിൽ | റോസി പായ്‌വ, ചിറ്റൂർ | ഹോളി ഫാമിലി, ചിറ്റൂർ |
| 2. ജോസഫ് ഗൊൺസാൽവസ്, കൂട്ടുങ്കൽ, ചിറ്റൂർ | എൽസി ഗൊൺസാൽവസ് | ” |
| 3. മൈക്കിൾ, കോലത്തറ, ചേരാനല്ലൂർ | റീത്ത കോലത്തറ | നിത്യസഹായമായാ, ചേരാനല്ലൂർ |
| 4. റെജി അല്ലേശ്, നടുവിലപ്പറമ്പിൽ, ചേരാനല്ലൂർ | മേരി അല്ലേശ്, നടുവിലപ്പറമ്പിൽ | ” |
| 5. മാത്യുസ് ജെൽട്ടൺ ഡയസ്, വേലിയകത്ത്, തുണ്ടത്തുംകടവ് | ഫ്രാൻസിസ് ഡയസ്, വേലിയകത്ത് വീട്, തുണ്ടത്തുംകടവ് | സെന്റ് എലിസബത്ത്, തുണ്ടത്തുംകടവ് |
| 6. റവ.ഫാ.ഫ്രാൻസിസ് സേവ്യർ, താന്നിക്കാപ്പറമ്പിൽ | പിതാവിന്റെ സ്മരണയ്ക്ക് | ” |
| 7. ജോമോൻ വി.എ. നസറത്ത് വീട്, S.ചിറ്റൂർ | ജോസഫ് ജെർസൺ, വേവുക്കാട്ട് | സെന്റ് ജൂഡ്, വരാപ്പുഴ |
| **വൈപ്പിൻ നോർത്ത് എ.സി.** | | |
| 1. രാജൻ പി.മാമ്പിള്ളി, ഞാറക്കൽ | ആലീസ് പോൾ മാമ്പിള്ളി | ലിറ്റിൽ ഫ്ളവർ (വനിത). പെരുമ്പിള്ളി |
| 2. കെ.വി.ട്രീസ, കാച്ചപ്പിള്ളി, പെരുമ്പിള്ളി | 75–ാം ജന്മദിനം | ” |
| 3. ദേവസ്സി മനക്കിൽ, നായരമ്പലം | വിരോണി മനക്കിൽ | മേരിമാതാ (വനിത), വാടേൽ |
| 4. മേരി അഗസ്റ്റിൻ, അറക്കൽ, നായരമ്പലം | അഗസ്റ്റിൻ, അറക്കൽ | ” |
| 5. ജോസഫ് സെബാസ്റ്റ്യൻ, അറക്കൽ നായരമ്പലം | സി.ഫെലിസിറ്റ | ” |
| 6. ടി.പി.ജോൺസ്, താണിപ്പിള്ളി എടവനക്കാട് | സിമി ജോണിന്റെ വിവാഹം | സെൻറ് അംബ്രോസ്, എടവനക്കാട് |



| | | |
|---|---|---|
| 7. എ.ജെ.ആന്റണി, അറക്കൽ, ലിറ്റിൽ ഫ്ളവർ, നായരമ്പലം | എ.ഒ. ജോസഫ്, അറക്കൽ | സെൻറ് ജോർജ്, വാടേൽ |
| 8. അബ്രഹാം ഇലഞ്ഞിക്കൽ, നായരമ്പലം | വിൻസെൻഷ്യൻ റൂബിജൂബിലിവർഷം | |
| 9. പി.പി.ജോൺ ജോസഫ്, പറമ്പലോത്ത് നായരമ്പലം | സായൂജ് ജോസഫിന്റെ വിവാഹം | ” |
| 10. അംബി തോട്ടകത്ത്, എടവനക്കാട് | ഡോണ അംബിയുടെ ജന്മദിനം | സെന്റ് റീത്താസ് (വനിത),എടവനക്കാട് |
| 11. കെ.കെ.ജോസ്, കണ്ടമ്പശ്ശേരി കുഴുപ്പിള്ളി, അയ്യമ്പിള്ളി | കിറ്റി ജോസിന്റെ ഉന്നതവിജയം | ” |
| **വൈപ്പിൻ സൗത്ത് എ.സി.** | | |
| 1. സെലിൻ സേവ്യർ, കുളങ്ങര | ത്രേസ്യാമ്മ തോമസ് | ഹോളി ക്രോസ് (വനിത), ഓച്ചന്തുരുത്ത് |
| 2. എൽ.പി.സെലിൻ, ലന്തപ്പറമ്പിൽ മുരിക്കുംപാടം | പീറ്റർ & മേരി (മാതാപിതാക്കൾ) | മേരി ഹെൽപ്പ് ഓഫ് ക്രിസ്റ്റ്യൻസ് (വനിത) മുരിക്കുംപാടം |
| 3. എൽസി റൂബൻ, പണിക്കശ്ശേരി മുരിക്കുംപാടം | സി.ലിയോണ | ” |
| 4. ഷീല സാബു, കളരിക്കൽ, ഓച്ചന്തുരുത്ത് | അലക്സാണ്ടർ കളരിക്കൽ | നിത്യസഹായമാതാ, ഓച്ചന്തുരുത്ത് |
| 5. കെ.എ.സാബു, കളരിക്കൽ, വളപ്പ് | ” | ” |
| 6. വൈപ്പിൻ ഏജൻസീസ്, പുതുവൈപ്പ് | മാതാപിതാക്കൾ | സെന്റ് ഫ്രാൻസിസ് അസ്സീസി ഓച്ചന്തുരുത്ത് |
| 7. കെ.എക്സ്.ജോസി, കളത്തിപ്പറമ്പിൽ, ഓച്ചൻതുരുത്ത് | വിൻസെൻഷ്യൻ | |
| 8. കെ.എക്സ്.മാത്യു, കളത്തിപ്പറമ്പിൽ | ” | ” |
| 9. പി.പി. ടൈറ്റസ്, പൂപ്പാടി ഓച്ചന്തുരുത്ത് | ഏലീശ്വ ലാസർ, കൂളിയത്ത് | ” |

| | | |
|---|---|---|
| 10. ജയശ്രീ പ്രദീപ്, പള്ളത്ത്, ഞാറക്കൽ | വിൻസെൻഷ്യൻ | ” |
| 11. ജോയ് ഡി.തോമസ്, ചൂളക്കൽ, മാള | ഡി.വി.തോമസ് | സെന്റ് റീത്താസ് (വനിത), കർത്തേടം |
| 12. ആന്റണി & ജെംസി, നെടുംപറമ്പിൽ | തൊമ്മൻ നെടുംപറമ്പിൽ | ” |
| 13. മേബിൽ തോമസ്, കാട്ടാശ്ശേരി, കർത്തേടം | തോമസ്സ് കാട്ടാശ്ശേരി | ” |
| 14. ബെറ്റി സിറിയാക്കോസ്സ്, പങ്കിയത്ത് വൈപ്പിശ്ശേരി, കർത്തേടം | സിറിയാക്കോസ് | ” |
| 15. കെ.ജി. വിൻസെന്റ്, ദുബായ് | മകളുടെ ആദ്യ കുർബാന സ്വീകരണം | ” |
| 16. തോമസ് ജോസഫ്, തെക്കുംതോട്ടം കളമശ്ശേരി | ജോലിയിൽ നിന്നു വിരമിച്ചതിന്റെ സ്മരണ | ” |
| 17. വിവേക് ജോർജ്ജ്, മങ്ങാട്ട്, കർത്തേടം | വിവാഹവാർഷികം | ” |
| 18. ഒ.എ. സോജൻ, ഓളിപ്പറമ്പിൽ, മാലിപ്പുറം, കർത്തേടം | അംബ്രോസ് ഓളിപ്പറമ്പിൽ | ” |
| 19. പൗളി ജോസഫ്, കൊല്ലമ്മപ്പറമ്പിൽ മാലിപ്പുറം | ജോസഫ് കൊല്ലമ്മപ്പറമ്പിൽ | ” |

# സെൻട്രൽ കൗൺസിൽ ബോർഡ് അംഗങ്ങൾ
# (2007 – 2008)

| | |
|---|---|
| രക്ഷാധികാരി – | മോസ്ററ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ (വരാപ്പുഴ മെത്രാപ്പോലീത്ത) |
| സഹരക്ഷാധികാരി – | റൈററ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി (സഹായ മെത്രാൻ) |
| ആദ്ധ്യാത്മികോപദേഷ്ടാവ് – | വെരി. റവ. ഫാ. ക്ലീററസ് പറമ്പലോത്ത് |
| ബോർഡ് &സി. സി. ഉപദേഷ്ടാവ് – | ബ്ര. റാഫേൽ കളത്തിവീട്ടിൽ |
| സി. സി. ഉപദേഷ്ടാവ് – | ബ്ര. സേവ്യർ ജെയിംസ് നെടുംപറമ്പിൽ |
| പ്രസിഡൻറ് – | ബ്ര. ഡോ. പ്രീമൂസ് പെരിഞ്ചേരി |
| വൈസ് പ്രസിഡൻറ് – | സി. സെലിൻ കളത്തിവീട്ടിൽ |
| വൈസ് പ്രസിഡൻറ് – | ബ്ര. ജോസഫ് പുത്തൻപറമ്പിൽ |
| ജനറൽ സെക്രട്ടറി – | ബ്ര. ജോസ് ഫ്രാൻസിസ് വടക്കുംതല |
| ജോയിൻറ് സെക്രട്ടറി – | ബ്ര. പയസ് പഴങ്ങാട്ട് |
| ജോയിൻറ് സെക്രട്ടറി – | ബ്ര. മാത്തച്ചൻ അറയ്ക്കൽ |
| ട്രഷറർ – | ബ്ര. ജോയ് കെ. ദേവസി |
| ട്രിന്നിംഗ് ആൻറ് അഗ്രഗേഷൻ ഓഫീസർ – | ബ്ര. ആൻറണി കുററിശ്ശേരി |
| എഡ്യൂക്കേഷൻ കമ്മിററി ചെയർമാൻ – | ബ്ര. പ്രൊഫ. വിൻസെൻറ് കെ. ജോൺ |
| പ്രോജക്ട് ഓഫീസർ – | ബ്ര. ജേക്കബ് തെരുവിപ്പറമ്പിൽ |
| ജോയിൻറ് പ്രോജക്ട് ഓഫീസർ – | ബ്ര. റോക്കി രാജൻ |
| വനിതാ കമ്മിററി ചെയർപേഴ്സൺ – | സി. മേരി കല്ലൂർ |
| ജോയിൻറ് ചെയർപേഴ്സൺ – | സി. മേരി ലിയോൺസ് കൂടാരപ്പിള്ളി |
| യൂത്ത് കമ്മിററി ആനിമേറ്റർ – | ബ്ര. ജോസഫ് തൈപ്പറമ്പിൽ |
| യൂത്ത് കമ്മിററി ചെയർമാൻ – | ബ്ര. ക്ലിന്റൺ കൊറയ |



# സെൻട്രൽ കൗൺസിൽ അംഗങ്ങൾ
# (2007 – 2008)

**പ്രത്യേക ക്ഷണിതാക്കൾ:**

ബ്ര. ജോസ് തോമസ് കാനപ്പിള്ളി

ബ്ര. ഫബിയാൻ കൊടുവേലിപ്പറമ്പിൽ

ബ്ര. ഫ്രാൻസിസ് ഹെൻറി

**നോമിനേററഡ് അംഗങ്ങൾ**

ബ്ര. ഏഞ്ചൽ മേരി പാവനത്തറ

ബ്ര. ജോസഫ് തേൻകുഴി

ബ്ര. യേശുദാസ് പനക്കൽ

**എ. സി. പ്രസിഡൻറുമാർ:**

| | |
|---|---|
| ബ്ര. നെൽസൺ കൊറയ | **(എറണാകുളം ഈസ്റ്റ്)** |
| ബ്ര. ജോസഫ് തമ്പി കുരിശിങ്കൽ | **(എറണാകുളം നോർത്ത്)** |
| ബ്ര. ജോസഫ് ജോയ് മനയത്ത് | **(എറണാകുളം സൗത്ത്)** |
| ബ്ര. ഇമ്മാനുവേൽ വാഴുവേലി | **(ചാത്യാത്ത്)** |
| ബ്ര. വിൻസെൻറ് മനയിൽ | **(കളമശ്ശേരി)** |
| ബ്ര. ജോയി ഇലഞ്ഞിക്കൽ | **(കൂനമ്മാവ്)** |
| ബ്ര. ജെറാൾഡ് മുഴങ്ങുന്തറ | **(കോതാട്)** |
| ബ്ര. തോമസ് ചിറമ്മേൽ | **(മംഗലപ്പുഴ)** |
| ബ്ര. ആൻറണി മുളക്കാര | **(തോട്ടക്കാട്ടുകര)** |
| ബ്ര. സ്ററീഫൻ പത്യാല | **(ഉദയംപേരൂർ)** |
| ബ്ര. റാഫി വെളിപ്പറമ്പിൽ | **(വരാപ്പുഴ)** |
| ബ്ര. ജോൺ ജോസഫ് പറമ്പലോത്ത് | **(വൈപ്പിൻ നോർത്ത്)** |
| ബ്ര. ഫ്രാൻസിസ് കുറുപ്പശ്ശേരി | **(വൈപ്പിൻ സൗത്ത്)** |